പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3836 17.12.2015 ൽ മറുപടിക്ക്

# നന്തിക്കരയിലെ വാഹനാപകടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ചന്ദ്രൻ : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ പട്ടിക്കാടിനടുത്ത് നന്തിക്കരയിൽ 6.11.2015 ൽ ഉണ്ടായ വാഹനാപകടത്തിൽ ഡ്രൈവർ അടക്കം 7 പേർ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും<br>(ബി) യും<br>(സി) യും | ഉണ്ട്. നന്തിക്കരയിൽ ഉണ്ടായ അപകടത്തിന്റെ കാരണം ഡ്രൈവറുടെ ഉദാസീനതയാണ്. അപകടം നടന്ന ഭാഗത്ത് റോഡ് പേവ്മെന്റ് മാർക്കിംഗും, (ലൈൻ മാർക്കിങ്ങ്) 25 എണ്ണത്തോളം സുരക്ഷ ഗാർഡ് സ്റ്റോണും സ്ഥാപിച്ചിരുന്നു. ലൈൻമാർക്കിംഗ് പരിധിയ്ക്ക് അകത്ത് കൂടി വേണം വാഹനങ്ങൾ സഞ്ചരിക്കാൻ. അപകടമുണ്ടാക്കിയ വാഹനം ലൈൻ മാർക്കിംഗ് പരിധി കടന്ന് സുരക്ഷാ ഗാർഡ് സ്റ്റോണും ഇടിച്ചിട്ടു കൊണ്ടാണ് കുളത്തിൽ വീണത്. നന്തിക്കര ഭാഗം നാലുവരി പാതയാണ്. IRC SP:44-1996 - ഹൈവേ സേഫ്റ്റി കോഡ് പ്രകാരം നാലുവരിപ്പാതയിൽ വളരെയധികം വേഗതയിൽ സഞ്ചരിക്കുന്ന വാഹനങ്ങൾ വലതുവശത്തുള്ള വരിയിൽ കൂടി സഞ്ചരിക്കണം. വാഹനം ഇടതു വശത്തെ വരിയിൽ വളരെ വേഗത്തിൽ സഞ്ചരിച്ചതും വാഹനമോടിച്ചയാൾ ഉറങ്ങിപ്പോയതുമാണ് അപകടകാരണമെന്ന് അനുമാനിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പ്രകാരം ഈ ഭാഗത്ത് വേറെ |
| (ബി) | ദേശീയപാതയിലെ അശാസ്ത്രീയമായ റോഡ് നിർമ്മാണമാണ് അപകടകാരണം എന്ന പരാതി ലഭിച്ചിട്ടുണ്ടോ ; | | |
| (സി) | അപകടം നടന്ന സ്ഥലത്ത് അരിക് ഭിത്തി നിലവിലുണ്ടോ ; | | |

| | | | |
|---|---|---|---|
| | | | അപകടങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. ആയതിനാൽ അപകടകാരണം വാഹനമോടിച്ചയാളിന്റെ അനാസ്ഥ കൊണ്ടാണെന്നും റോഡിന്റെ സുരക്ഷാ വീഴ്ച കൊണ്ടല്ലെന്നും മനസ്സിലാക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത ദേശീയപാത, വിദഗ്ദ്ധ പരിശോധന നടത്തി അപകട വിമുക്തമാക്കുന്നതിനും ഭാവിയിൽ അപകടങ്ങൾ ആവർത്തിക്കാതിരിക്കാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (ഡി) | അപകടം നടന്ന സ്ഥലം ദേശീയ പാത 47 ന്റെ ഭാഗമാണ്. പ്രസ്തുത റോഡിന്റെ പരിപാലനം ദേശീയ പാത അതോറിറ്റിയാണ് നടത്തുന്നത്. അപകടത്തിനു ശേഷം ദേശീയ പാത അതോറിറ്റി അപകടസ്ഥലത്ത് കോൺക്രീറ്റ് കാലുകൾ സ്ഥാപിച്ചിട്ടുണ്ട്. അപകടത്തെ തുടർന്ന് മോട്ടോർ വാഹന വകുപ്പ് വാഹന പരിശോധ കർശനമാക്കുകയും മുടങ്ങാതെ ട്രാഫിക് ബോധവത്കരണം നടത്തുകയും ചെയ്യുന്നുണ്ട്. |
| (ഇ) | മരണപ്പെട്ടവരുടെ കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകുമോ ? | (ഇ) | 08.12.2015 ലെ ജി.ഒ(എം.എസ്) നം. 652/15/റവ പ്രകാരം മരണമടഞ്ഞ ഇസ്ഹാക്കിന്റെ മകൻ ഇജാസിന്റെ തുടർ വിദ്യാഭ്യാസത്തിനും മറ്റ് കാര്യങ്ങൾക്കുമായി അഞ്ച് ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ